ജനുവരി 23,2014

# ഒന്നും വിൽക്കനില്ലാതെ, പ്രദർശിപ്പിക്കാനില്ലാതെ

**അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

എതിരാളികളോട് രാഷ്ട്രീയ പോരാട്ടത്തിന് ശേഷിയല്ലെന്നായപ്പോൾ യുപിഎയുടെ രണ്ടു പ്രമുഖ മന്ത്രിമാർ ഒടുവിൽ തുറന്നു പറയാൻ തയാറായി. പി.ചിദംബരം വേൾഡ് ഇക്കണോമിക് ഫോറത്തിൽ പങ്കെടുക്കാൻ ദാവോസിലാണ്. വിവിധ രാജ്യങ്ങളിലെ രാഷ്ട്രീയ-വാണിജ്യ നേതാക്കൾക്ക് മുന്നിൽ ഇന്ത്യൻ സാമ്പത്തിക സ്ഥിതിക്ക് വിപണികണ്ടെത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. എന്നാൽ, പകരം ബിജെപിയേയും മോദിയേയും കുറിച്ച് സംസാരിക്കാനാണ് അവസരം വിനിയോഗിച്ചത്. ദേശീയ സമ്പദ്‌രംഗം കൈകാര്യം ചെയ്യാനുള്ള ബിജെപിയുടെ ശേഷി അദ്ദേഹം ചോദ്യം ചെയ്തു. എന്നാൽ സദസ്യരുടെ ഓർമയിലുണ്ടായിരുന്നു. 1998-2004 കാലത്തെ ബിജെപി ഭരണത്തിലെ സാമ്പത്തിക നിർവഹണശേഷി. യാദൃശ്ചികമെന്ന് പറയാം, അതേ ദിവസം തന്നെയാണ് ഇന്ത്യൻ സാമ്പത്തികസ്ഥിതിയെക്കുറിച്ച് മൂഡീ റിപ്പോർട്ട് പുറത്തുകൊണ്ടു വന്ന ഇന്ത്യൻ യാഥാർത്ഥ്യങ്ങൾ മാധ്യമങ്ങളിൽ വന്നത്. അടിമുടി മാറ്റം പ്രതീക്ഷിക്കുന്ന ഇന്ത്യൻ വ്യവസായരംഗം നരേന്ദ്രമോദിയുടെ നേതൃത്വത്തിന് കാത്തിരിക്കുകയാണെന്ന് ആ റിപ്പോർട്ട് വ്യക്തമാക്കുന്നു.

കപിൽ സിബൽ പതിവു രീതിയിൽ തന്നെ പ്രതിപക്ഷത്തെ കുറിച്ച് പ്രസംഗിക്കുന്നു. സിബലിന്റെ ബ്ലോഗിൽ നരേന്ദ്രമോദിയെ 'കച്ചവട'ക്കാരനെന്നും കേജ്‌രിവാളിനെ 'പ്രദർശക'നെന്നും വിശേഷിപ്പിക്കുന്നു. അദ്ദേഹവും ധനമന്ത്രിയെ കണ്ടില്ലെന്ന് നടിക്കുന്ന ഒരു കാര്യവുമുണ്ട്. മധ്യപ്രദേശ് ഛത്തീസ്ഗഡ്, രാജസ്ഥാൻ, ഗുജറാത്ത്, ഗോവ എന്നീ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ ആഭ്യന്തരോൽപ്പാദന വളർച്ചാരംഗത്ത് ദേശീയ വളർച്ചാ ശരാശരിയെക്കാൾ മുന്നിലാണ്, പ്രത്യേകിച്ച് ആദ്യത്തെ മൂന്ന് സംസ്ഥാനങ്ങൾ മുമ്പ് രോഗബാധിത വിഭാഗത്തിലായിരുന്നിട്ടും. മധ്യപ്രദേശിലേയും ഗുജറാത്തിലേയും  കാർഷിക വളർച്ച രണ്ടക്കത്തിലാണ്.

പക്ഷേ കപിൽ സിബൽ നടത്തിയ 'കച്ചവടക്കാര'ൻ പ്രയോഗം മറ്റൊരർത്ഥത്തിലാണ്. ബിജെപിയിലേക്ക് യദ്യൂരപ്പ വന്നതിനെക്കുറിച്ച് മോദി ഒന്നും പറയാത്തതെന്താണെന്ന്  സിബൽ ചോദിക്കുന്നു. ബിജെപി ഭരിക്കുന്ന ചില സംസ്ഥാനങ്ങളിൽ തെളിയിക്കപ്പെടാത്ത ചില ആരോപണങ്ങളെക്കുറിച്ച് സിബൽ ചോദിക്കുന്നു.

യദ്യൂരപ്പക്കെതിരെ കുറ്റപത്രം സമർപ്പിച്ച നിമിഷം  തന്നെ പാർട്ടി അദ്ദേഹത്തോട് രാജിവെക്കാനാവശ്യപ്പെട്ടു. ഇത് കർണാടക പാർട്ടിയിൽ പിളർപ്പുണ്ടാക്കി, ഭരണം തന്നെ പോകാനിടയായി. ഇന്ന് അദ്ദേഹം നിരുപാധികം ബിജെപിയിൽ  ചേർന്നിരിക്കുന്നു. അദ്ദേഹത്തിനെതിരായുണ്ടായിരുന്ന ചില കേസുകൾ ഹൈക്കോടതി റദ്ദാക്കി, മറ്റുള്ളവയിൽ നടപടി തുടരുന്നുമില്ല. പാർട്ടി അദ്ദേഹത്തിന് ഒന്നും വാഗ്ദാനം ചെയ്തിട്ടില്ല, പക്ഷേ അദ്ദേഹം നിരുപാധികം പാർട്ടിയിൽ പ്രവർത്തിക്കുന്നു.

എന്നാൽ കപിൽ സിബലിന്റെ സ്വന്തം പാർട്ടിയിലങ്ങനെയല്ല. കുറ്റവാളിയായി ശിക്ഷിക്കപ്പെട്ട ലാലുപ്രസാദ് യാദവുമായി സഖ്യത്തിലായി. നിയമനടപടിക്ക് ഗവർണർ അനുമതി നൽകാതെ മുൻ മുഖ്യമന്ത്രി അശോക് ചവാനെ അഴിമതിക്കേസിൽ സംരക്ഷിക്കുന്നു. കൽക്കരി കുംഭകോണം ടു ജി സ്പെക്ട്രം അഴിമതി തുടങ്ങിയവയിൽ സിബലിന്റെ സ്വന്തം സർക്കാർ ഉൾപ്പെട്ടിരിക്കുന്നു. കൽക്കരി ഖനനം നടക്കാത്തതുമൂലം രാജ്യത്തെ ഊർജ്ജ മേഖല വലിയ പ്രതിസന്ധി നേരിടുന്നു. ചെക്കുകേസിൽ പ്രതിയായ ഹിമാചൽ മുഖ്യമന്ത്രിക്കെതിരെ നടപടിയെടുക്കാനാകാതെ സിബലിന്റെ പാർട്ടി കുഴയുന്നു. തന്റെ നേതാക്കളുടെ മക്കളും മരുമക്കളും നടത്തുന്ന ഇടപാടുകളെക്കുറിച്ച് കപിൽ സിബലിനറിയാമെന്ന് എനിക്കുറപ്പുണ്ട്. ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതി സർക്കാരിനെയാണ് അദ്ദേഹത്തിന്റെ പാർട്ടി സമ്മാനിച്ചിരിക്കുന്നത്. രാജ്യത്ത് നിക്ഷേപകരുടെ ഉത്സാഹം നഷ്ടമായിരിക്കുന്നു. മൂലധന നിക്ഷേപത്തിന്റെ തിരിച്ചുപോക്ക് സംഭവിച്ചിരിക്കുന്നു. വിലക്കയറ്റവും അഴിമതിയും അടുത്തിടെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സിബലിന്റെ പാർട്ടിയുടെ പ്രകടനവും പാർട്ടിയുടേയും സർക്കാരിന്റേയും നേതൃത്വവും ഒട്ടും പ്രചോദനാത്മകമല്ല. അദ്ദേഹത്തിന്റെ ധനമന്ത്രി തന്നെ സമ്മതിച്ചു പാർട്ടി തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്, വിജയസാധ്യതയില്ലാതെയാണെന്ന്. ഇന്ത്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഏറ്റവും കുറഞ്ഞ എണ്ണം സീറ്റ് നേടുന്ന സ്ഥിതി ഉണ്ടായേക്കാം.

പാർട്ടി എതിരാളികളെ കടച്ചവടക്കാരെന്നും പ്രദർശനക്കാരെന്നും വിളിക്കാൻ അവർക്കായേക്കാം. നിർഭാഗ്യകരമെന്ന് പറയാം, കോൺഗ്രസ് പാർട്ടിക്ക് രാജ്യത്തെ വോട്ടർമാർക്കുമുന്നിൽ ഒന്നും വിൽക്കാനുമില്ല, പ്രദർശിപ്പിക്കാനുമില്ല  എന്നായിരിക്കുന്നു.